**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **13-07-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഉദ്യാനത്തിന്റെ മുൻവശത്തുള്ള പൊതുമരാമത്ത് റോഡിന്റെ തകർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ ഉദ്യാനത്തിന്റെ മുൻവശത്തുള്ള പൊതുമരാമത്ത് റോഡ് കഴിഞ്ഞ മൂന്ന് വർഷമായി തകർന്ന് കിടക്കുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (എ) | മലമ്പുഴ ഡാം മുതൽ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലേക്കുള്ള കുടിവെള്ള ആവശ്യത്തിലേക്കായി റോഡ് പൊളിച്ച് KWA- യുടെ പ്രവൃത്തി നടന്നുവരുന്നു. കഞ്ചിക്കോട് - മലമ്പുഴ റോഡിന് 415 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതിക്കായുള്ള പരിശോധനയിൽ ചെയിനേജിന്റെ അപാകത ശ്രദ്ധയിൽപ്പെട്ടകയും തുടർന്ന് നോമൺക്ലേച്ചർ മാറ്റത്തിനായി DSoR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സി.എം.ടി. മീറ്റിങ്ങിൽ ബഹു. എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം കിൻഫ്ര അടച്ച റസ്റ്റൊറേഷൻ തുക മുഴുവനായി കഞ്ചിക്കോട് - മലമ്പുഴ റോഡിൽ റസ്റ്റൊറേഷൻ ആയി ഉപയോഗിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത റോഡ് വാഹനഗതാഗതം പോലും ദുഷ്കരമാവുന്ന തരത്തിൽ തുടർന്ന് വരുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | കിൻഫ്രയിലേക്കുള്ള പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി KWA അറിയിച്ചിട്ടില്ല. മലമ്പുഴ സ്നേക്ക് പാർക്കിന് മുൻവശം ഈ പ്രവൃത്തിക്കായി 15കി.മീ. കുഴിച്ചതിൽ 140 മീറ്റർ റോഡിന് കുറുകെ കീറിമുറിച്ചതുകൊണ്ടാണ് യാത്ര ദുഷ്കരമാകുന്നത്. KWA താൽക്കാലികമായി റസ്റ്റോറേഷൻ ജി.എസ്.ബി ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ